പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1942 | 12.02.2013-ൽ മറുപടിക്ക്

## കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ തീർപ്പാക്കിയ കേസ്സുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി. കെ.എസ്. സലീഖ** | **ശ്രീ. ഉമ്മൻചാണ്ടി**<br>**മുഖ്യമന്ത്രി** |
| (എ) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ കഴിഞ്ഞ ഒരു വർഷത്തിനിടെ തീർപ്പാക്കിയ കേസ്സുകൾ എത്രയാണ് ; | (എ) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സിറ്റിംഗ് ആരംഭിച്ച 22.12.2011 മുതൽ 31.12.2012 വരെ 2777 കേസുകൾ തീർപ്പുകൽപ്പിച്ചു. |
| (ബി) ആകെ എത്ര അംഗങ്ങളാണ് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ വേണ്ടത്, ഇപ്പോൾ എത്ര അംഗങ്ങൾ പ്രവർത്തിക്കുന്നു ; ശേഷിക്കുന്ന അംഗങ്ങളെ എപ്പോൾ നിയമിക്കുവാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | (ബി) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ 6 അംഗങ്ങളാണ് വേണ്ടതെങ്കിലും ഇപ്പോൾ 3 അംഗങ്ങൾ മാത്രമാണുള്ളത്. നിയമനം സംബന്ധിച്ച് ബഹു. സുപ്രീംകോടതിയിൽ നിലവിലുള്ള കേസ് തീർപ്പാകുന്ന മുറയ്ക്ക് മാത്രമേ അവശേഷിക്കുന്ന ജുഡീഷ്യൽ മെമ്പർമാരെ നിയമിക്കുന്നതു സംബന്ധിച്ച തീരുമാനം കൈക്കൊള്ളുവാൻ കഴിയുകയുള്ളൂ. |
| (സി) മുഴുവൻ അംഗങ്ങളും വരുന്നതോടെ കേരള വിദ്യാഭ്യാസ ചട്ടത്തിന്റെ പരിധിയിൽ വരുന്ന കേസ്സുകളും പൊതുമേഖലാ സ്ഥാപനങ്ങളിലെ കേസ്സുകളും ട്രൈബ്യൂണലിൽ ഏറ്റെടുക്കാൻ സാധിക്കുമോ; വിശദമാക്കുമോ ; | (സി) ട്രൈബ്യൂണൽ പൂർണ്ണമായും പ്രവർത്തനസജ്ജമാകുന്ന മുറയ്ക്ക് മാത്രമേ കേരള വിദ്യാഭ്യാസ ചട്ടത്തിന്റെ പരിധിയിൽ വരുന്ന കേസ്സുകളും പൊതുമേഖലാ സ്ഥാപനങ്ങളിലെ കേസ്സുകളും ട്രൈബ്യൂണലിന്റെ പരിധിയിൽ കൊണ്ടുവരുന്ന കാര്യം പരിഗണിക്കുവാൻ കഴിയുകയുള്ളൂ. |

| | | |
|---|---|---|
| (ഡി) | കഴിഞ്ഞ ഒരു വർഷത്തിനിടെ എത്ര കേസ്സുകൾ ഫയൽ ചെയ്തു ; എത്ര എണ്ണം തീർപ്പാക്കി ; | (ഡി) കഴിഞ്ഞ ഒരു വർഷത്തിനിടെ പുതിയതായി ഫയൽ ചെയ്ത 2652 കേസുകളിൽ 1510 കേസ്സുകൾ തീർപ്പാക്കുകയുണ്ടായി. |
| (ഇ) | ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്നും എത്ര കേസ്സുകൾ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന് കൈമാറിയിട്ടുണ്ട് ; ആയതിൽ എത്ര തീർപ്പാക്കിയിട്ടുണ്ട് ; | (ഇ) ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്നും കൈമാറ്റം ചെയ്തു ലഭിച്ച 7593 കേസ്സുകളിൽ 1267 കേസ്സുകൾ തീർപ്പാക്കി. |
| (എഫ്) | കഴിഞ്ഞ ഒരു വർഷത്തിനിടെ എത്ര കേസ്സുകൾ ഹൈക്കോടതിയിൽ അപ്പീൽ പോയി ; ആയതിൽ എത്രയെണ്ണം ട്രൈബ്യൂണൽ വിധി ശരി വച്ചു ; വിശദമാക്കുമോ ; | (എഫ്) കഴിഞ്ഞ ഒരു വർഷത്തിനിടെ ട്രൈബ്യൂണൽ വിധിയിന്മേൽ 162 കേസ്സുകൾ ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തതിൽ 119 കേസ്സുകൾ തീർപ്പായിട്ടുണ്ട്. അതിൽ ഒരു കേസ് ഒഴികെ ബാക്കി കേസുകളിൽ ട്രൈബ്യൂണൽവിധി ശരി വെയ്ക്കുകയായിരുന്നു. അവശേഷിക്കുന്ന കേസുകളിൽ അന്തിമ തീരുമാനമായിട്ടില്ല. |
| (ജി) | ഹൈക്കോടതിൽ നിന്നും സർവ്വീസ് കേസ്സുകൾ തലസ്ഥാനത്തേയ്ക്കു മാറ്റിയതു വഴി സർക്കാരിന് എന്തൊക്കെ അധിക ചെലവുകൾ ഒഴിവാക്കാൻ സാധിച്ചുവെന്നും ആയതുവഴി എത്ര തുകയുടെ അധിക ചെലവ് ഒഴിവാക്കാൻ സാധിച്ചു വെന്നും വ്യക്തമാക്കുമോ ? | (ജി) ഇതുവരെ കണക്കാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ